

WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**11-08-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

**1.** കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണ സമൃദ്ധി 2021 എന്ന പേരിൽ 17-08-2021 മുതൽ 20-08-2021 വരെ സംസ്ഥാനത്തുടനീളം **2000 നാടൻ പഴം - പച്ചക്കറി കർഷക ചന്തകൾ** സംഘടിപ്പിക്കുന്നു. ഈ കർഷക ചന്തകളിലൂടെ പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിയ്ക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇതോടൊപ്പം ഉത്തമ കൃഷി മുറയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 10 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

2. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (സമേട്ടി) ആഭിമുഖ്യത്തിൽ ഇന്ന് (11.08.2021) രാവിലെ 10 മണി മുതൽ **കേരളത്തിന് അനുയോജ്യമായ സംയോജിത കൃഷി സമ്പ്രദായങ്ങൾ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 - 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

**3.** മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **'ആട് വളർത്തൽ'** എന്ന വിഷയത്തിൽ ഇന്ന് (11/08/21 ന്) രാവിലെ 10.30 മുതൽ വൈകിട്ട് 4..30 വരെ ഓൺലൈൻ ട്രെയിനിംഗ് സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർക്ക് 9188522713 എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് മെസേജ് അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. മുഴുവൻ സമയവും പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

**4.** കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 11-ന്) **പശുക്കളിലെ നാടൻ ചികിത്സ**, എന്ന വിഷയങ്ങത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. വിശദ വിവരങ്ങൾക്ക് **0496 2966041/9446890889** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**11-08-2021**

5. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്നും നാളെയുമായി (11,12) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522711** എന്ന വാട്സാപ്പ് നമ്പരിലോ **0469-2965535** എന്ന ഫോൺ നമ്പരിലോ duckfarmanx.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടുക.

6. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (11/08/2021 ന്) രാവിലെ 10.30 മണി മുതൽ കോഴിക്കോട് ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർ എന്നിവർക്ക് **"ഭക്ഷ്യ സുരക്ഷ നിയമം - 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ"** (http://meet.google.com/sjg-uzsb-vvn) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **"പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ"** (http://meet.google.com/xky-sofj-bce) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നടത്തുന്നു.

7. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി **മണ്ണ് സംരക്ഷണവും മഴവെള്ള സംഭരണവും** എന്ന വിഷയത്തിൽ ഇന്ന് (11-8-21 ന്) ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. https://www.facebook.com/RATTC-Training-104750708002716/ എന്ന ഫേസ്ബുക്ക് പേജിലൂടെ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (11-8-2021) ന് രാവിലെ 11 മണിക്ക് **ഗുണകരമായ പാലുൽപാദനം-കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 11 മണിയ്ക്ക് meet.google.com/uya-gywr-ugn എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalahur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**11-08-2021**

9. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (ആഗസ്റ്റ് 11-ന്) 11.30 മുതൽ **പാലും ഭക്ഷ്യ സുരക്ഷാ നിയമവും** എന്ന വിഷയത്തിൽ സംഘം ജീവനക്കാർ, ക്ഷീരകർഷകർ എന്നിവർക്കായി ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി 0471 - 2440911 എന്ന ടെലിഫോൺ നമ്പരിലോ, dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

10. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും ഇന്ന് (11.08.2021) **ഫാമുകളിലെ ഖരമാലിന്യ നിർമ്മാർജ്ജനം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0484-2631355 എന്ന ഫോൺ നമ്പരിൽ വിളിച്ചോ 9188522708 എന്ന വാട്സ് ആപ്പ് നമ്പരിൽ സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

11. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്ഷീരസംഘം ഭരണ സമിതി അംഗങ്ങൾക്കായി ഇന്നും നാളെയുമായി (11.08.2021,12.08.2021) രാവിലെ 11 മണി മുതൽ ഓൺലൈൻ പരിശീലനം നടത്തുന്നു. 9947775978 എന്ന വാട്സ് ആപ് നമ്പരിലേയ്ക്കോ dtcochira@gmail.com എന്ന മെയിലിലേയ്ക്കോ പേരും മേൽവിലാസവും അയച്ചുനൽകി പരിശീലനത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0476- 2698550.

12. ഓഗസ്റ്റ് 12 വ്യാഴാഴ്ച 10.30 മുതൽ തിരുവനന്തപുരത്തുള്ള കേന്ദ്ര കിഴങ്ങു വിള ഗവേഷണ സ്ഥാപനം (സി ടി സി ആർ ഐ) കർഷകർക്കായി ഏകദിന ശില്പശാല നടത്തുന്നു. താല്പര്യമുള്ള കർഷകർക്ക് സൂം പ്ലാറ്റ്ഫോമിൽ 435 450 7389 എന്ന ഐഡിയും 695017 എന്ന പാസ്സ്കോഡും ഉപയോഗിച്ച് പങ്കെടുക്കാം.

13. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"കുതിരകളുടെ പരിപാലനം: അടിസ്ഥാന തത്വങ്ങൾ"** എന്ന വിഷയത്തിൽ നാളെ (ആഗസ്റ്റ് 12 ) വൈകിട്ട് 5 മണിക്ക് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.